"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഭാരതീയ ചികിത്സാ വകുപ്പിൽ പാർട്ട് ടൈം സ്വീപ്പർ ആയി ജോലി ചെയ്യുന്ന ശ്രീമതി.അംബികാദേവി - കൊല്ലം കുന്നത്തൂർ താലൂക്കിൽ ശൂരനാട് വടക്ക് കൃഷി ഭവനിൽ ഒഴിവുള്ള പാർട്ട് ടൈം സ്വീപ്പർ തസ്തികയിലേക്ക് അന്തർ വകുപ്പ് സ്ഥലം മാറ്റം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (ഫാംസ്) വകുപ്പ്**

സ.ഉ.(സാധാ) നം.253/2023/AGRI തീയതി,തിരുവനന്തപുരം, 15-03-2023

---

പരാമർശം:- 1. കൃഷി ഡയറക്ടറുടെ 26.12.2022 ലെ ADFW/12133/2022-SH3 നമ്പർ കത്ത്

**ഉത്തരവ്**

ഭാരതീയ ചികിത്സാ വകുപ്പിൽ പി.റ്റി.എസ് ആയി ജോലി ചെയ്യുന്ന ശ്രീമതി. അംബികാദേവി, കൊല്ലം ജില്ലയിലുള്ള കൃഷി വകുപ്പിലെ ഓഫീസിലേയ്ക്ക് അന്തർ വകുപ്പ് സ്ഥലമാറ്റം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മേലധികാരി മുഖേന പരാമർശം (1) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശൂരനാട് വടക്ക് കൃഷി ഭവനിൽ പി.റ്റി.എസ് തസ്തികയിൽ ഒഴിവുണ്ടെന്നും ടി ഒഴിവ് എംപ്ലോയിമെന്റ് എക്സ്ചെയ്ഞ്ചിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലെന്ന് കൊല്ലം പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിട്ടുണ്ടെന്നും പ്രസ്തുത സാഹചര്യത്തിൽ ശ്രീമതി.അംബികാദേവിയ്ക്ക് അന്തർ വകുപ്പ് സ്ഥലമാറ്റം അനുവദിക്കണമെന്നും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭാരതീയ ചികിത്സാ വകുപ്പിൽ പി.റ്റി.എസ് ആയി ജോലി ചെയ്യുന്ന ശ്രീമതി.അംബികാദേവിയ്ക്ക്, കൃഷി വകുപ്പിൽ കൊല്ലം ജില്ലയിലെ കുന്നത്തൂർ താലൂക്കിൽ ശൂരനാട് വടക്ക് കൃഷി ഭവനിൽ ഒഴിവുള്ള പി.റ്റി.എസ് തസ്തികയിലേക്ക്, ടിയാൻ പ്രൊബേഷണർ/അപ്രൂവ്ഡ് പ്രൊബേഷണർ/ഫുൾ മെംബർ ഏതു വിഭാഗത്തിലാണോ ഉൾപ്പെടുന്നത്, ടി വിഭാഗത്തിൽ പുതിയ നിയമനയൂണിറ്റിൽ ഏറ്റവും ജൂനിയറാകും എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 'കേരള പാർട്ട് ടൈം കണ്ടിൻജന്റ് സർവീസ് വിശേഷാൽ ചട്ടം' ചട്ടം 12(d) ലെ വ്യവസ്ഥകൾ പ്രകാരം അന്തർ വകുപ്പ് സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജുകുമാർ ബി റ്റി
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം.

ബന്ധപ്പെട്ട വ്യക്തിക്ക് ( ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (റൂൾസ്) വകുപ്പ്(Rules2/14/2023/P&ARD)

സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

Signed by
Krishna Kumar V
Date: 16-03-2023 11:51:23

സെക്ഷൻ ഓഫീസർ